OVERLAKE MEDICAL CENTER

OVERLAKE MEDICAL CLINICS

നിങ്ങളുടെ ആരോഗ്യപരിപാലന സേവന ദാതാവായി ഓവർലേക്ക് മെഡിക്കൽ സെന്ററിനെ തിരഞ്ഞെടുത്തതിന് നന്ദി. നിങ്ങൾ സേവനങ്ങൾക്കായി രജിസ്റ്റർ ചെയ്യുന്ന സമയം മുതൽ, നിങ്ങളുടെ രോഗി അക്കൗണ്ട് പരിഹരിക്കപ്പെടുന്നത് വരെ, എല്ലാ സമയങ്ങളിലും, ഞങ്ങളുമൊത്തുള്ള നിങ്ങളുടെ അനുഭവം പരമാവധി ആനന്ദപ്രദമായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ആരോഗ്യപരിപാലന സേവനങ്ങൾ സ്വീകരിക്കുമ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുകളും കൂടെയുണ്ടാവുമെന്ന് ഞങ്ങൾ തിരിച്ചറിയുന്നു, ഇക്കാര്യത്തിൽ നിങ്ങളെ സഹായിക്കുന്നതിന് ഞങ്ങൾ പ്രോഗ്രാമുകൾ നൽകുന്നുണ്ടെന്ന് നിങ്ങളറിയണമെന്ന് ഞങ്ങളാഗ്രഹിക്കുന്നു. ഞങ്ങളുടെ പ്രോഗ്രാമുകളെ കുറിച്ച് നിങ്ങൾക്ക് ഉണ്ടായേക്കാവുന്ന ചോദ്യങ്ങൾക്ക് സന്തോഷത്തോടെ മറുപടി നൽകാൻ ഞങ്ങൾ സാമ്പത്തിക ഉപദേഷ്ടാക്കളെ നിയോഗിച്ചിട്ടുണ്ട്, അനുയോജ്യമായ പ്രോഗ്രാമിന് അപേക്ഷിക്കുന്നതിന് നിങ്ങളെ അവർ സഹായിക്കും.

## പ്രോംപ്റ്റ് പേ ഡിസ്കൗണ്ട് പ്രോഗ്രാമുകൾ

ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്ക് മാത്രമാണ് ഈ പ്രോഗ്രാം ലഭ്യമായിട്ടുള്ളത്.  മെഡിക്കൽ ഇൻഷ്വറൻസിന് കീഴിലുള്ളവരും എന്നാൽ ആനുകൂല്യ പരിധി പരമാവധിയിൽ എത്തിയതിനാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്തവരുമായ രോഗികൾക്കും ഈ പ്രോഗ്രാം ബാധകമാണ്. ഓവർലേക്ക് മെഡിക്കൽ സെന്ററിനോ ഒപ്പം/അല്ലെങ്കിൽ ഓവർലേക്ക് മെഡിക്കൽ ക്ലിനിക്കുകൾക്കോ മുഴുവൻ ബാലൻസും അടച്ചുകൊണ്ട്, മൊത്തം അക്കൗണ്ട് നിരക്കിൽ നിന്ന്, ആദ്യ ബില്ലിംഗ് സ്റ്റേറ്റ്മെന്റ് തീയതിയുടെ 30 ദിവസങ്ങൾക്കുള്ളിൽ, രോഗിക്ക് 30 ശതമാനം ഡിസ്കൗണ്ട് അനുവദിക്കുന്നു.  ഈ ഡിസ്കൗണ്ടുമായി ബന്ധപ്പെട്ട് വിവരങ്ങൾക്ക് 425.688.5655 എന്ന നമ്പറിൽ ഒരു സാമ്പത്തിക ഉപദേഷ്ടാവിനെ വിളിക്കുക അല്ലെങ്കിൽ ഡിസ്കൗണ്ട് ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്താൻ 425.688.5299 എന്ന നമ്പറിൽ വിളിക്കുക.

## എക്സ്റ്റൻഡഡ് പേയ്മെന്റ് പ്ലാൻ പ്രോഗ്രാമുകൾ

പലിശയില്ലാത്തൊരു പേയ്മെന്റ് പ്ലാൻ രൂപീകരിക്കുന്നതിന് നിങ്ങൾക്കൊപ്പം സഹകരിച്ച് പ്രവർത്തിക്കാൻ ഞങ്ങൾക്ക്

സന്തോഷമേയുള്ളൂ. യഥാർത്ഥ പ്രതിമാസ പേയ്മെന്റും കരാറിന്റെ ദൈർഘ്യവും നിങ്ങളുടെ ബാക്കിനിൽക്കുന്ന ബാലൻസിനെ അടിസ്ഥാനമാക്കിയായിരിക്കും. കരാർ പ്രകാരമുള്ള സമയക്രമത്തെയും ഓവർലേക്ക് സാമ്പത്തിക ഉപദേഷ്ടാക്കൾ നിശ്ചയിക്കുന്ന തുകയെയും അടിസ്ഥാനമാക്കി നിങ്ങളൊരു പ്രതിമാസ പേയ്മെന്റ് നടത്തണമെന്ന് എല്ലാ പേയ്മെന്റ് പ്ലാനുകളും നിഷ്കർഷിക്കുന്നു. പേയ്മെന്റ് പ്ലാനുകളെ കുറിച്ച് എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടെങ്കിൽ 425.688.5299 എന്ന നമ്പറിൽ വിളിക്കുക.

## ഫിനാൻഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം

ഇൻഷ്വറൻസിൽ നിന്ന് പേയ്മെന്റ് നടത്തിയതിന് ശേഷം അല്ലെങ്കിൽ ഇൻഷ്വറൻസ് ആനുകൂല്യങ്ങളൊന്നും നിലവിലില്ലാത്ത സമയത്ത്, നിങ്ങളുടെ ക്ലെയിമിന്റെ രോഗി ബാധ്യത ഉപയോഗിച്ച് സാമ്പത്തിക പിന്തുണ നൽകുന്നതിന് ഈ പ്രോഗ്രാം ലഭ്യമാണ്. സേവന സമയത്തെ നിർദ്ദിഷ്ട സാമ്പത്തിക സാഹചര്യത്തെ അടിസ്ഥാനമാക്കി, നിങ്ങളുടെ അക്കൗണ്ടിലുള്ള, നൽകേണ്ട ബാലൻസ് തുകയുടെ 65 ശതമാനം ഡിസ്കൗണ്ടോ 100 ശതമാനം ഡിസ്കൗണ്ടോ ലഭിക്കുന്നതിന് നിങ്ങൾക്ക് അർഹതയുണ്ടായേക്കാം. നിങ്ങൾ അടയ്ക്കാനുള്ള ബാലൻസ് തുകയ്ക്കൊപ്പമുള്ള സംയോജനത്തിൽ ഫെഡറൽ പോവർട്ടി ഗൈഡ്ലൈനുകളുടെ ഒരു ശതമാനമെന്ന നിലയിൽ നിങ്ങളുടെ വരുമാനത്തിന് മേലുള്ള യാദൃച്ഛികച്ചെലവാണ് ഡിസ്കൗണ്ടായി ലഭിക്കുന്നത്. ഈ പ്രോഗ്രാമിന് അപേക്ഷിക്കുന്നതിന്, സേവനങ്ങൾ നൽകപ്പെട്ടതിന് ശേഷം ഒപ്പം/അല്ലെങ്കിൽ സാമ്പത്തിക ബാധ്യതയെ കുറിച്ച് നിങ്ങൾ അറിഞ്ഞയുടൻ, ഒരു ഫിനാൻഷ്യൽ അസിസ്റ്റൻസ് അപേക്ഷയ്ക്കായി നിങ്ങൾ അഭ്യർത്ഥിക്കുകയും അത് പൂരിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. നിങ്ങളുടെ വരുമാനത്തെ കുറിച്ചുള്ള നിർദ്ദിഷ്ട വിവരങ്ങൾ നൽകുവാൻ ഈ അപേക്ഷ നിഷ്കർഷിക്കുന്നു, അപേക്ഷ പ്രോസസ്സുചെയ്യുന്ന സമയത്ത്, ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട ഒരു ക്രെഡിറ്റ് ചെക്ക് (ഇത് നിങ്ങളുടെ ക്രെഡിറ്റ് റേറ്റിംഗിനെ ബാധിക്കുകയില്ല) നടത്തുന്നതിനുള്ള അധികാരം ഓവർലേക്ക് ഹോസ്പിറ്റൽ അസോസിയേഷനിൽ നിക്ഷിപ്തമാണ്. ഈ പ്രോഗ്രാമിനെ കുറിച്ച് വിശദമായ വിശദീകരണം വേണമെങ്കിലോ ഒരു അപേക്ഷയ്ക്കായി അഭ്യർത്ഥിക്കണമെങ്കിലോ 425.688.5299 എന്ന നമ്പറിലേക്ക് വിളിക്കുക. DSHS, മൂന്നാം കക്ഷി ബാധ്യതാ കേസുകൾ
(ഉദാഹരണത്തിന് വാഹന അല്ലെങ്കിൽ മറ്റ് അപകട പരിരക്ഷ) എന്നിവ ഉൾപ്പെടെ, മറ്റെല്ലാ പേയ്മെന്റ് സംവിധാനങ്ങൾ

സ്വീകരിച്ചുകഴിഞ്ഞുവെങ്കിൽ മാത്രമാണ് ഫിനാൻഷ്യൽ അസിസ്റ്റൻസ് ലഭ്യമാവുക.

EC20160301-